(ബി) പ്രസ്തുത പദ്ധതിയിലൂടെ നടപ്പാക്കുന്ന തടയണ നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവ ഏതു ഘട്ടം വരെയായിയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്ത മാക്കുമോ ?

ഉത്തരം

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ സുഗന്ധഗിരി അംബ, പൂക്കോട്കുന്ന് എന്നീ മേഖലകളിൽ 2 കുടിവെള്ള പദ്ധതികൾക്ക് വേണ്ടി 61,70,000 രൂപ കേരള വാട്ടർ അതോറിറ്റി ഡിവിഷൻ സുൽത്താൻബത്തേരിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) 1. സുഗന്ധഗിരി അംബ കുടിവെള്ള പദ്ധതി : തടയണ നിർമ്മാണം പൂർത്തിയായി. വാട്ടർ ടാങ്ക് നിർമ്മാണം ഒഴികെയുള്ള മുഴുവൻ പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. സുഗന്ധഗിരി അംബ റോഡ് നിർമ്മാണം നടക്കുന്നതിനാൽ റോഡ് ഗതാഗതം തടസ്സപ്പെട്ടിരി ക്കുന്നതിനാൽ പ്രദേശത്തേക്ക് വാഹനങ്ങളിൽ സാമഗ്രികൾ കൊണ്ടുപോകുവാൻ സാധിക്കുന്നില്ല. റോഡ് നിർമ്മാണം പൂർത്തിയായ ഉടൻതന്നെ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതാണ്.

2. പൂക്കോട് കുന്ന് കുടിവെള്ള പദ്ധതി : പമ്പ് സെറ്റ് സ്ഥാപിക്കൽ ഉൾപ്പെടെയുള്ള മുഴുവൻ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2015 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കാനാവുമെന്ന് കേരള വാട്ടർ അതോറിറ്റി സുൽത്താൻ ബത്തേരി ഡിവിഷൻ അറിയിച്ചിട്ടുണ്ട്.

പുളുക്കാട് മണ്ഡലത്തിലെ സമഗ്ര വികസന പദ്ധതി

325 (675) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുളുക്കാട് മണ്ഡലത്തിലെ എല്ലാ ടൈബൽ കോളനിയിലും സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്ന പ്രോജക്ട് നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, പ്രസ്തുത പദ്ധതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി ആവിഷ്കരിക്കുന്നതിലേയ്ക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്.

പഞ്ചായത്ത് എക്സ്റ്റെൻഷൻ ടു ഷെഡ്യൂൾഡ് ഏരിയാ ആക്ട്

326 (676) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പഞ്ചായത്ത് എക്സ്റ്റൻഷൻ ടു ഷെഡ്യൂൾഡ് ഏര്യാ (PESA) ആക്ട് നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എന്തെല്ലാം നടപടികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പഞ്ചായത്ത് രാജ് ആക്ട് പ്രകാരമാണോ, മറ്റേതെങ്കിലും നിയമ പ്രകാരമാണോ PESA സംസ്ഥാനത്ത് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത ആക്ട് പ്രകാരം സംസ്ഥാനത്ത് എന്താണ് പുതുതായി നടപ്പാക്കുവാൻ പോകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം നടപടിക്രമങ്ങൾക്ക് ശേഷമാണ് പ്രസ്തുത ആക്ട് പ്രകാരമുള്ള കാര്യങ്ങൾ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ പട്ടികവർഗ്ഗ ഭൂരിപക്ഷ പ്രദേശങ്ങളെ പഞ്ചായത്ത് എക്സ്റ്റെൻഷൻ ടു ഷെഡ്യൂൾഡ് ഏരിയ (PESA) ആക്ടിന്റെ പരിധിയിൽപ്പെടുത്തി പട്ടിക പ്രദേശങ്ങളായി രാഷ്ട്രപതി പ്രഖ്യാപിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ ശിപാർശ ഗവർണർ മുഖാന്തിരം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇന്ത്യൻ ഭരണഘടനയിലെ 244-ാം അനുച്ഛേദം 1-ാം ഖണ്ഡ പ്രകാരം 5-ാം ഖണ്ഡികയിലെ വ്യവസ്ഥകൾ പ്രകാരമാണ് PESA നടപ്പാക്കുന്നത്.

(സി) കേരളത്തിൽ ആദിവാസി ശാക്തീകരണത്തിനും അവർക്ക് തനതായി ചില അധികാരങ്ങൾ കൈമാറുന്നതിനും ലക്ഷ്യമിട്ടാണ് നിശ്ചിത ആദിവാസി മേഖലകൾ PESA നിയമത്തിൻകീഴിൽ Scheduled Area ആയി പ്രഖ്യാപിക്കുന്നത്. പട്ടിക മേഖലയായി പ്രഖ്യാപിക്കപ്പെടുന്ന പ്രദേശങ്ങളിൽ മദ്യ നിരോധനം, ലഘു വനോൽപ്പാദനങ്ങളുടെ (Minor Forest Produce) ഉടമസ്ഥത, ആദിവാസി ഭൂമി

LIBRARY ARCHIVES Kerala Legislative Assembly